## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5123** **20-07-2022 - ൽ മറുപടിയ്ക്ക്**

## കണ്ണൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പുകളുടെ കീഴിൽ കണ്ണൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ പുരോഗതി വിശദമാക്കാമോ; | (എ) | കണ്ണൂർ നിയോജക മണ്ഡലത്തിൽപ്പെടുന്ന അറയ്ക്കൽ മ്യൂസിയത്തിന്റെ സംരക്ഷണ പ്രവൃത്തികളാണ് പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് നടത്തുന്നത്. ഇതിന്റെ സംരക്ഷണ പ്രവൃത്തികൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 2022 നവംബർ അവസാനവാരത്തോടുകൂടി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കണ്ണൂർ മണ്ഡലത്തിൽപ്പെട്ട പയ്യാമ്പലത്ത് മുരിക്കഞ്ചേരി കേളുവിന് സ്മാരകം പണിയുന്ന പ്രവൃത്തി, പുരാവസ്തു വകുപ്പ്, മ്യൂസിയം നോഡൽ ഏജൻസിയായ കേരളം മ്യൂസിയം വഴി നടപ്പിലാക്കാനാണ് തീരുമാനിച്ചിരുന്നത്. ടി പ്രവൃത്തികൾ ഒരു Non-PMC ഏജൻസി മുഖേന നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ പുരാവസ്തു ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>മ്യൂസിയം വകുപ്പിന് കീഴിൽ കണ്ണൂർ - പയ്യാമ്പലം ടൗണിൽ സ്ഥിതിചെയ്യുന്ന കേരള സംസ്ഥാന ഹാന്റ് ലൂം ഡെവലപ്മെന്റ് കോർപ്പറേഷന്റെ 200 വർഷം പഴക്കമുള്ള പഴയ ആസ്ഥാന മന്ദിരത്തിൽ കൈത്തറി മ്യൂസിയം ആരംഭിക്കുന്നതിന് 2,12,33,690/- രൂപയുടെ ഭരണാനുമതി നൽകു കയും തുടർന്ന് M/s. കേരള മ്യൂസിയം മുഖേന പ്രദർശന സംവിധാനം സജ്ജീകരിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുകയും 90% പ്രവർത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2022 ഡിസംബർ മാസം അവസാനത്തോടെ ഉദ്ഘാടനം നടത്തി ടി മ്യൂസിയം പൊതുജനങ്ങൾക്ക് സമർപ്പിക്കുവാൻ സാധിക്കുന്നതാണ്.<br><br>പുരാരേഖാ വകുപ്പിന് കീഴിൽ കണ്ണൂർ സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ചിലെ പുരാരേഖകളുടെ സംരക്ഷണം ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പൂർത്തീകരിക്കാത്ത പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | കണ്ണൂർ നിയോജക മണ്ഡലത്തിൽപ്പെടുന്ന അറയ്ക്കൽ മ്യൂസിയത്തിന്റെ സംരക്ഷണ പ്രവൃത്തികളാണ് പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് നടത്തുന്നത്. ഇതിന്റെ സംരക്ഷണ പ്രവൃത്തികൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 2022 നവംബർ അവസാനവാരത്തോടുകൂടി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കണ്ണൂർ മണ്ഡലത്തിൽപ്പെട്ട പയ്യാമ്പലത്ത് മുരിക്കഞ്ചേരി കേളുവിന് സ്മാരകം പണിയുന്ന പ്രവൃത്തി, പുരാവസ്തു വകുപ്പ്, മ്യൂസിയം നോഡൽ ഏജൻസിയായ കേരളം മ്യൂസിയം വഴി നടപ്പിലാക്കാനാണ് തീരുമാനിച്ചിരുന്നത്. ടി പ്രവൃത്തികൾ ഒരു Non-PMC ഏജൻസി മുഖേന നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ പുരാവസ്തു ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>മ്യൂസിയം വകുപ്പിന് കീഴിൽ കണ്ണൂർ - പയ്യാമ്പലം ടൗണിൽ സ്ഥിതിചെയ്യുന്ന കേരള സംസ്ഥാന ഹാന്റ് ലൂം ഡെവലപ്മെന്റ് കോർപ്പറേഷന്റെ 200 വർഷം പഴക്കമുള്ള പഴയ ആസ്ഥാന മന്ദിരത്തിൽ കൈത്തറി മ്യൂസിയം ആരംഭിക്കുന്നതിന് 2,12,33,690/- രൂപയുടെ ഭരണാനുമതി നൽകു കയും തുടർന്ന് M/s. കേരള മ്യൂസിയം മുഖേന പ്രദർശന സംവിധാനം സജ്ജീകരിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുകയും 90% പ്രവർത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2022 ഡിസംബർ മാസം അവസാനത്തോടെ ഉദ്ഘാടനം നടത്തി ടി മ്യൂസിയം പൊതുജനങ്ങൾക്ക് സമർപ്പിക്കുവാൻ സാധിക്കുന്നതാണ്.<br><br>പുരാരേഖാ വകുപ്പിന് കീഴിൽ കണ്ണൂർ സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ചിലെ പുരാരേഖകളുടെ സംരക്ഷണം ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ